REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 20-12-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **93-ാമത് ശിവഗിരി തീർഥാടനം ഈ മാസം 30ന് ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും.**
- **സംസ്ഥാന തദ്ദേശ സ്ഥാപനങ്ങളിലെ തിരഞ്ഞെടുത്ത അംഗങ്ങളുടെ സത്യപ്രതിജ്ഞ നാളെ.**
- **നടനും സംവിധായകനും തിരക്കഥാകൃത്തുമായ ശ്രീനിവാസന്റെ വിയോഗത്തിൽ വിതുമ്പി കലാകേരളം. സംസ്കാരം നാളെ രാവിലെ കണ്ടനാട്ടെ വീട്ടുവളപ്പിൽ.**
- **രാഷ്ട്രീയ - സാമൂഹ്യ - സാംസ്കാരിക രംഗങ്ങളിലെ പ്രമുഖർ നിര്യാണത്തിൽ അനുശോചനം അറിയിച്ചു.**
- **ശബരിമലയിൽ മാളികപ്പുറങ്ങളും കുട്ടി അയ്യപ്പന്മാരും പതിനെട്ടാംപടിയുടെ വശങ്ങളിലൂടെ പടി കയറണമെന്ന് പൊലീസ് നിർദേശം.**

## വാർത്തകൾ വിശദമായി

93-ാമത് ശിവഗിരി തീർഥാടനത്തിന് ഈ മാസം 30ന് തുടക്കമാകും. ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ തീർത്ഥാടനം ഉദ്ഘാടനം ചെയ്യും. ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേകർ മുഖ്യാതിഥിയാകും. തീർഥാടന സമ്മേളനം 31ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ജനുവരി ഒന്നിന് സമാപന സമ്മേളനം മന്ത്രി സജി ചെറിയാനും ഉദ്ഘാടനം ചെയ്യും.

നാഗമ്പടം ക്ഷേത്രാങ്കണത്തിൽ നിന്ന് ആരംഭിക്കുന്ന ധർമപതാക പ്രയാണവും, കോഴിക്കോട് ശ്രീകണ്ഠേശ്വരം ക്ഷേത്രത്തിൽ നിന്നാരംഭിക്കുന്ന ദിവ്യജ്യോതിസ്പ്രയാണവും, ഇലവുംതിട്ട കേരളവർമ സൗധത്തിൽ നിന്നാരംഭിക്കുന്ന ഗുരുദേവ വിഗ്രഹ പ്രയാണവും 29 ന് ശിവഗിരിയിൽ എത്തും.

✪✪✪

സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുത്ത അംഗങ്ങൾ നാളെ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കും. ത്രിതല പഞ്ചായത്തുകളിലും, മുൻസിപ്പാലിറ്റികളിലും രാവിലെ പത്തിനും, കോർപറേഷനുകളിൽ പതിനൊന്നരയ്ക്കുമാണ് സത്യപ്രതിജ്ഞ. സത്യപ്രതിജ്ഞാ ചടങ്ങിനു ശേഷം എല്ലാ അംഗങ്ങളുടെയും ആദ്യയോഗം ചേരും. ആദ്യം പ്രതിജ്ഞ ചെയ്ത അംഗത്തിന്റെ അധ്യക്ഷതയിലായിരിക്കും യോഗം. നിലവിലെ ഭരണ സമിതികളുടെ കാലാവധി ഇന്നാണ് അവസാനിക്കുന്നത്.

✪✪✪

നടനും സംവിധായകനും തിരക്കഥാകൃത്തുമായ ശ്രീനിവാസൻ അന്തരിച്ചു. അദ്ദേഹത്തിന് 69 വയസ്സായിരുന്നു. നീണ്ട കാലം രോഗബാധിതനായിരുന്ന ശ്രീനിവാസന്റെ അന്ത്യം രാവിലെ തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രിയിലായിരുന്നു.

തൊട്ടാൽ പൊള്ളുന്ന ആക്ഷേപഹാസ്യത്തിലൂടെയും നിശിതമായ രാഷ്ട്രീയ-സാമൂഹ്യ - വിമർശനങ്ങളിലൂടെയും മലയാളസിനിമക്ക് പുതിയ അർത്ഥ തലങ്ങൾ സമ്മാനിച്ച പ്രതിഭയായിരുന്നു ശ്രീനിവാസൻ.

സാധാരണക്കാരുടെ ജീവിത പ്രശ്നങ്ങളെ അഭ്രപാളിയിൽ പകർത്തുന്നതിൽ അനിതര സാധാരണമായ ശ്രദ്ധ പുലർത്തിയ ബഹുമുഖ പ്രതിഭയായിരുന്നു അദ്ദേഹം. 48 വർഷത്തെ ചലച്ചിത്ര ജീവിതത്തിൽ 200ലേറെ ചിത്രങ്ങളിൽ അദ്ദേഹം വേഷമിട്ടു. അഭിനയത്തോടൊപ്പം തിരക്കഥ രചനയിലും സംവിധാനത്തിലും തിളങ്ങിനിന്ന ശേഷമാണ് കഴിഞ്ഞ ചെറിയൊരു ഇടവേളയിൽ ചലച്ചിത്ര രംഗത്ത് നിന്ന് അദ്ദേഹം മാറി നിന്നത്. കുടുംബചിത്രങ്ങൾ അണിയിച്ചൊരുക്കുന്നതിലും, അദ്ദേഹം മുൻപന്തിയിലായിരുന്നു. ചിന്തോദ്ദീപകമായ നിരവധി ചിത്രങ്ങൾ ശ്രീനിവാസൻ മലയാളത്തിന് സമ്മാനിച്ചിട്ടുണ്ട്.

[ഓഡിയോ ക്ലിപ്പ്]

1956 ഏപ്രിൽ ആറിന് കൂത്തുപറമ്പിനടുത്ത പാട്യത്തായിരുന്നു ശ്രീനിവാസന്റെ ജനനം. മട്ടന്നൂർ പഴശ്ശിരാജ NSS കോളജിൽ നിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ

ബിരുദം എടുത്ത ശേഷം, അഡയാർ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് സിനിമാ അഭിനയത്തിൽ ഡിപ്ലോമ നേടി. പിന്നീടാണ് ചലച്ചിത്രരംഗത്ത് സജീവമായത്. 1976 ൽ PA ബക്കർ സംവിധാനം ചെയ്ത 'മണിമുഴക്ക'ത്തിലൂടെയായിരുന്നു അരങ്ങേറ്റം. പിന്നീട് KG ജോർജ്ജിന്റെ 'മേള'യിൽ അഭിനയിച്ചു. 1984 ൽ 'ഓടരുതമ്മാവാ ആളറിയാം' എന്ന സിനിമയ്ക്കാണ് ആദ്യമായി കഥയെഴുതുന്നത്. സന്ദേശം, നാടോടിക്കാറ്റ്, വടക്കുനോക്കിയന്ത്രം, ചിന്താവിഷ്ടയായ ശ്യാമള, കഥപറയുമ്പോൾ, അറബിക്കഥ, ഉദയനാണ് താരം, കിളിച്ചുണ്ടൻമാമ്പഴം, തുടങ്ങിയവയാണ് പ്രധാന ചിത്രങ്ങൾ. 1998-ൽ ചിന്താവിഷ്ടയായ ശ്യാമളയ്ക്ക് ദേശീയ പുരസ്കാരം ലഭിച്ചു. 1991 ൽ 'സന്ദേശ'ത്തിന് സംസ്ഥാന ചലച്ചിത്ര പുരസ്കാരം നേടിയിരുന്നു. 95-ൽ മഴയെത്തും മുമ്പേ-യ്ക്ക് മികച്ച തിരക്കഥാ പുരസ്കാരവും ലഭിച്ചു.

സംശയ രോഗിയായ ഭർത്താവും, ഏവരേയും ചിരിപ്പിക്കുന്ന പോലീസ് ഉദ്യോഗസ്ഥനും, CIDയും, വിപ്ലവകാരിയും എല്ലാം അദ്ദേഹത്തിന്റെ കൈകളിൽ ഭദ്രമായിരുന്നു. രാഷ്ട്രീയ - സാമൂഹ്യ- സിനിമാ രംഗത്തെ പുഴുകുത്തുകളെ തിരകഥകളിലൂടെ ശ്രീനിവാസൻ കടന്നാക്രമിച്ചു. പ്രിയദർശൻ, സത്യൻ അന്തിക്കാട് എന്നിവർക്കൊപ്പം ഹിറ്റുകൾ സമ്മാനിച്ച ശ്രീനി മോഹൻലാലിനൊപ്പം വെള്ളിത്തിരയിൽ പൊട്ടിച്ചിരിയുടെ മാലപ്പടക്കവും തീർത്തു

✪✪✪

ചലച്ചിത്ര പ്രതിഭ ശ്രീനിവാസന്റെ വിയോഗത്തിൽ തേങ്ങി മലയാള സിനിമാലോകം. സഹപ്രവർത്തകരും രാഷ്ട്രീയ - സാമൂഹ്യ - സാംസ്കാരിക രംഗങ്ങളിലെ പ്രമുഖരും നിര്യാണത്തിൽ അനുശോചിച്ചു.

ചലച്ചിത്ര താരം മോഹൻലാൽ ശ്രീനിവാസനെ അനുസ്മരിക്കുന്നു.

..........വോയ്സ്...........

സിനിമാ താരം ശോഭന..

..........വോയ്സ്...........

സഹപ്രവർത്തകന്റെ വിയോഗത്തിൽ തേങ്ങി സംവിധായകൻ സത്യൻ അന്തിക്കാട്

.......വോയ്സ്......

പ്രശസ്ത സംവിധായകൻ VM വിനു ശ്രീനിവാസനെ ഓർമ്മിക്കുമ്പോൾ...

........വോയ്സ്......

✪✪✪

മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും മന്ത്രിമാരും താരങ്ങളും ശ്രീനിവാസന്റെ വിയോഗത്തിൽ ദുഃഖവും വേദനയും അറിയിച്ചു.

മലയാള സിനിമയ്ക്ക് വീണ്ടെടുക്കാനാവാത്ത നഷ്ടമാണ് ശ്രീനിവാസന്റെ വേർപാടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചന സന്ദേശത്തിൽ പറഞ്ഞു.

ശ്രീനിവാസന്റെ നിര്യാണത്തിൽ നിയമസഭാ സ്പീക്കർ AN ഷംസീറും മന്ത്രിമാരായ V ശിവൻകുട്ടിയും സജി ചെറിയാനും KB ഗണേഷ് കുമാറും അനുശോചിച്ചു.

നടനും, സംവിധായകനും, തിരക്കഥാകൃത്തുമായ ശ്രീനിവാസന്റെ വിയോഗം കേരളത്തിനും മലയാള സിനിമാലോകത്തിനും തീരാനഷ്ടമാണെന്ന് ഷംസീർ അഭിപ്രായപ്പെട്ടു.

മലയാള സിനിമയുടെ എക്കാലത്തെയും വലിയ നഷ്ടങ്ങളിലൊന്നാണ് പ്രിയപ്പെട്ട ശ്രീനിവാസന്റെ വിയോഗമെന്ന് മന്ത്രി V ശിവൻകുട്ടിയും പറഞ്ഞു.

മലയാള സിനിമാ വേദിക്ക് നികത്താനാകാത്ത നഷ്ടമാണ് ശ്രീനിവാസന്റെ വിയോഗത്തിലൂടെ ഉണ്ടായിരിക്കുന്നതെന്ന് മന്ത്രി സജി ചെറിയാൻ പറഞ്ഞു. സാമൂഹ്യ വിമർശനവും ആക്ഷേപ ഹാസ്യവും സിനിമകളിൽ ഇത്രയേറെ പ്രയോജനപ്പെടുത്തിയവർ അപൂർവമാണെന്നും അദ്ദേഹം പറഞ്ഞു.

മലയാളത്തിന്റെ മുഖശ്രീ ആയിരുന്ന ഹാസ്യശ്രീ മാഞ്ഞതായി മന്ത്രി KB ഗണേഷ്കുമാർ പറഞ്ഞു. ലോകത്തിന്റെ ഏത് കോണിലേയും മലയാളികൾ ശ്രീനിവാസന്റെ ഏതെങ്കിലും സിനിമാ ഡയലോഗ് പറയാത്തതോ, ഓർക്കാത്തതോ ആയ ദിവസമില്ലെന്ന് ഗണേഷ്കുമാർ പറഞ്ഞു.

മലയാളത്തിനും കേരളത്തിനും ഒരിക്കലും മറക്കാനാകാത്ത വലിയ ചലച്ചിത്രകാരനാണ് ശ്രീനിവാസനെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ പറഞ്ഞു. കാലത്തിന് മുന്പേ നടന്ന് സരസമായ വാക്കുകളിലുടെ സാമൂഹ്യ യാഥാർഥ്യങ്ങളെ അദ്ദേഹം ആവിഷ്കരിച്ചെന്ന് സതീശൻ ഓർമ്മിപ്പിച്ചു.

ശ്രീനിവാസന്റെ വിയോഗം വലിയ നഷ്ടമെന്ന് KPCC പ്രസിഡന്റ് സണ്ണി ജോസഫ് പറഞ്ഞു. ഭാവനാ സമ്പന്നമായ കഥാപാത്രങ്ങളെയാണ് ശ്രീനിവാസൻ അവതരിപ്പിതെന്നും കോൺഗ്രസിന്റെ ദുഃഖം രേഖപ്പെടുത്തുന്നതായും അദ്ദേഹം പറഞ്ഞു.

മലയാളിയുടെ നിത്യജീവിതത്തിലെ പൊള്ളത്തരങ്ങളെയും ആകുലതകളെയും ചിരിയുടെ മേമ്പൊടിയോടെ വെള്ളിത്തിരയിൽ എത്തിച്ച അതുല്യ പ്രതിഭയായിരുന്നു ശ്രീനിവാസനെന്ന് ഡോ. MK മുനീർ MLA അനുശോചന കുറിപ്പിൽ പറഞ്ഞു.

✪✪✪

ശബരിമലസന്നിധാനത്തെത്തുന്ന മാളികപ്പുറങ്ങളും കുട്ടി അയ്യപ്പന്മാരും പതിനെട്ടാംപടിയുടെ വശങ്ങളിലൂടെ പടി കയറണമെന്ന് പോലീസ് നിർദേശിച്ചു. പടിയുടെ വശങ്ങളിൽ നിൽക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് ഭക്തരെ പിടിച്ചുകയറ്റാൻ സൗകര്യമൊരുക്കുന്നതിനാണിത്. ഇക്കാര്യം മെഗാഫോണിലൂടെ വിവിധ ഭാഷകളിൽ നിർദേശിക്കുന്ന സംവിധാനത്തിന് പതിനെട്ടാംപടിക്ക് താഴെ സന്നിധാനം സ്പെഷ്യൽ ഓഫീസർ P. ബാലകൃഷ്ണൻ നായർ തുടക്കം കുറിച്ചു.

✪✪✪

ശ്രീനിവാസന്റെ ഭൗതിക ശരീരം ഉച്ചകഴിഞ്ഞ് എറണാകുളം ടൗൺഹാളിൽ പൊതുദർശനത്തിന് വെക്കും. സംസ്കാരം നാളെ രാവിലെ കണ്ടനാട്ടെ വീട്ടുവളപ്പിലാണ്.

✪✪✪

*News Editor & News Reader: : വി കെ സുരേഷ്*
*NRTs: അനിൽ ചന്ദ്രൻ , സയ്യിദ് അലി ശിഹാബ്, അനഘ*
*DEO : സി കെ സുബോധ്*